പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6110 — 10.07.2012 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ യുവതീ, യുവാക്കളെ ആകർഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൌർലഭ്യം പരിഹരിക്കുന്നതിനും, കാർഷിക മേഖലയിൽ നിന്ന് വിട്ടുനിൽക്കുന്ന യുവതീ, യുവാക്കളെ ആകർഷിക്കുന്നതിനും ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | (എ) കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിലെ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഭക്ഷ്യസുരക്ഷാ സേന എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി യുവതീയുവാക്കൾക്ക് കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും പരിശീലനം നൽകിവരുന്നു. തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ഹൈസ്കൂളിൽ കുട്ടികളിൽ കാർഷികാഭിരുചി വളർത്തുന്നതിനായി രൂപീകരിച്ച ഹരിത സൈനിക സേന വിജയകരമായി പ്രവർത്തിയ്ക്കുന്നു. കൂടാതെ സ്മാൾ ഫാം മെക്കനൈസേഷൻ, ഫുഡ്സെക്യൂരിറ്റി പ്രോഗ്രാം, യന്ത്രവൽക്കരണം, രാഷ്ട്രീയ കൃഷി വികാസ് യോജന, മാക്രോമാനേജ്മെന്റ് Promotion, Strengthening Agriculture Mechanization and Post Harvest Technology എന്നിവയാണ് ഈ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ. |
| (ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി കേന്ദ്രത്തിന്റെ സഹായത്തോടെ നിലവിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ആർ.കെ.വി.വൈ. മാക്രോ മാനേജ്മെന്റ് Promotion, Strengthening Agriculture Mechanization and Post Harvest Technology എന്നിവ നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികളാണ്. |
| (സി) കേരളത്തിലെ കാർഷിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ | (സി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വൈക്കോൽ കെട്ടുന്ന യന്ത്രം, വരമ്പു വയ്ക്കുന്ന |

യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് എത്രത്തോളം വിജയിക്കാൻ സാധിച്ചു; ഈ ലക്ഷ്യം മുൻനിർത്തിയുള്ള പഠനങ്ങൾ എന്തെങ്കിലും കാർഷിക സർവ്വകലാശാലയിൽ നടക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

യന്ത്രം, പായ്ഞാറ്റടി തയ്യാറാക്കുന്ന യന്ത്രം, നടീൽ യന്ത്രം, പൊക്കാളി നെൽ കൊയ്യുന്ന യന്ത്രം എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ